**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4643** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഫ്രണ്ട്സ് ജനസേവന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ മുഖേന വാഹന സംബന്ധമായ വിവിധതരം നികുതികൾ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മോട്ടോർ വാഹന വകുപ്പിൽ വെബ് അധിഷ്ഠിത കേന്ദ്രീകൃത വാഹൻ/സാരഥി സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ മുഖേനയാണ് നികുതി, ഫീസ് ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകി വരുന്നത്. ഇതു മുഖേന പൊതു ജനങ്ങൾക്ക് മറ്റ അനാവശ്യ ചിലവുകൾ ഇല്ലാതെ തന്നെ സ്വന്തമായി സേവനങ്ങൾക്കുള്ള നികുതി, ഫീസ് എന്നിവ ഓൺലൈനിൽ ഒടുക്കാവുന്നതാണ്. കൂടാതെ അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ നടത്തിവരുന്ന ഇ-സേവാ കേന്ദ്രങ്ങൾ വഴി ചുരുങ്ങിയ ചിലവിൽ സാങ്കേതിക വൈദഗ്ധ്യമില്ലാത്ത പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട്സ് കേന്ദ്രത്തിന്റെ ആവശ്യം അവരുടെ ഫ്രീസ് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നികുതി സ്വീകരിക്കുകയും അത് വാഹനിൽ സ്വയമേ അപ്ഡേറ്റ് ചെയ്യുകയും വേണമെന്നാണ്. ഇത് സാങ്കേതികമായി വളരെ സങ്കീർണമായതിനാൽ ഫ്രണ്ട്സ്, ജനസേവാ കേന്ദ്ര, ഇ-സേവാ തുടങ്ങിയ ഏജൻസികൾക്കു വാഹനിൽ ലോഗിൻ ഐഡി നൽകുന്നതിന് സോഫ്റ്റ്‌വെയർ രൂപകൽപന ചെയ്യ എൻ.ഐ.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ആണ് ഫ്രീസ് സോഫ്റ്റ് വെയർ രൂപകൽപന നിർവഹിച്ച നടപ്പിൽ വരുത്തിയിരിക്കുന്നത്. കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ എൻ.ഐ.സി യുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച വാഹനുമായി ഇന്റഗ്രേഷൻ നടപ്പിൽ വരുത്തിയാൽ മാത്രമേ ഓഫീസ് സോഫ്റ്റ് വെയർ മുഖാന്തിരം വാഹനിൽ നികുതി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ പ്രണ്ട്സ് ജന സേവക കേന്ദ്രങ്ങൾക്ക് വാഹൻ മുഖാന്തിരം നേരിട്ടു നികുതി സ്വീകരിക്കുന്നതിന് സാങ്കേതികമായി യാതൊരു തടസ്സവും ഇല്ല. |
| (ബി) | മുൻകാലങ്ങളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രം | (ബി) | മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടർവൽക്കരിച്ചതിനെ |

| | | | |
|---|---|---|---|
| | മുഖേന മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ ലഭ്യമായിരുന്നത് നിർത്തലാക്കിയത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | | തുടർന്ന് നിർത്തലാക്കിയ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിലേക്കുള്ള മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ നിയമനം 11.01.2017 ലെ A2/4300/2001/TC നമ്പരായ ഉത്തരവ് പ്രകാരം തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പുനരാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ